**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-എം.എൽ.എമാരുടെ പ്രത്യേക വികസനനിധി - മാർഗ്ഗരേഖാപരിഷ്കരണം-നിർവ്വഹണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ(പി) നം. 148/2015/ധന തീയതി, തിരുവനന്തപുരം, 24.04.2015

---

പരാമർശം: 1. 27.05.2004-ലെ ജി.ഒ(പി)നം. 247/2004/ധന ഉത്തരവ്.
2.ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ 06.04.2015 ലെ കുറിപ്പ്.

**ഉത്തരവ്**

എം.എൽ.എമാരുടെ പ്രത്യേക വികസനനിധിയുടെ നിർവ്വഹണം സംബന്ധിച്ച മാർഗ്ഗരേഖകളടങ്ങുന്ന ഉത്തരവ് പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഉദയംപേരൂർ പഞ്ചായത്തിൽ പൊതുശ്മശാന നിർമ്മാണത്തിന് വേണ്ടി ആവശ്യമായി വരുന്ന സ്ഥലം വാങ്ങുന്നതിന് എം.എൽ.എ ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി പരാമർശം (2)പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2)എം.എൽ.എമാരുടെ പ്രത്യേക വികസനനിധി സംബന്ധിച്ച മാർഗ്ഗരേഖയുടെ അനുബന്ധം 1(15) പ്രകാരം പൊതുശ്മശാന നിർമ്മാണത്തിനായി ഫണ്ട് വിനിയോഗിക്കുവാൻ അനുമതിയുണ്ട്. എന്നാൽ പൊതുശ്മശാന നിർമ്മാണത്തിനാവശ്യമായ സ്ഥലം വാങ്ങുന്നതിനുവേണ്ടി ടി ഫണ്ട് വിനിയോഗിക്കുവാൻ അനുമതിയില്ല

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതു-ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിലേയ്ക്കുകൂടി എം.എൽ.എമാരുടെ പ്രത്യേക വികസനനിധി വിനിയോഗിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

4) എം.എൽ.എമാരുടെ പ്രത്യേക വികസനനിധിയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയുടെ ബന്ധപ്പെട്ട ഖണ്ഡികകൾ ഇതുപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രബീന്ദ്രകുമാർ അഗർവാൾ**
**ധനകാര്യ റിസോഴ്സ് സെക്രട്ടറി**

പകർപ്പ് :-

1. എല്ലാ നിയമസഭാ സാമാജികർക്കും
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
3 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
4 അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5.പൊതുഭരണം(എസ്.സി) വകുപ്പ് [16.04.2015 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം 6625 പ്രകാരം.]
6. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, ഗവ. സെക്രട്ടറിമാർക്കും.
7. എല്ലാ വകുപ്പ മേധാവികൾക്കും

8 എല്ലാ ജില്ലാ കളക്ടർമാർക്കും
9 ട്രഷറി വകുപ്പ ഡയറക്ടർ
10 പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ
11.എല്ലാജില്ലാ ട്രഷറി ഓഫീസർമാർക്കും.
12 ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
13. ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
14. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
15. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
16. നോഡൽ ഓഫീസർ www.finance.kerala.gov.in.
17. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ